# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ് . എ_പികെഡി18/1578/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ് . എ_പികെഡി18/1578/2022 തീയ്യതി: 27/07/2022

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇ. ശശിഭൂഷൻ | ഡെപ്യൂട്ടിഡയറക്ടർ | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ . പ്രേമാനന്ദ്. എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. സരിത. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഗീത.കെ , ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുമാവലി മോഹൻദാസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. കെ.എൽ .രമേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. എം. സാജൻ | സെക്രട്ടറി | 01-04-2020 | 30-12-2020 |
| ശ്രീമതി.മൃദുല.കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-12-2020 | 12-01-2021 |
| ശ്രീ. എം. സാജൻ | സെക്രട്ടറി | 13-01-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അന്ന അലക്സ് | അസി. സെക്രട്ടറി | 01-04-2020 | 07-04-2020 |
| മൃദുല കെ.എസ്. | അസി. സെക്രട്ടറി | 08-04-2020 | 31-03-2021 |
| ഗൗതം. എൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഉല്ലാസ് തോമസ് | മെഡിക്കൽ ഓഫീസർ (PHC ) | 01-04-2020 | 31-03-2021 |
| ഡോ. എ.കെ. മഹേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 10-02-2021 |
| ഡോ. ബിന്ദു കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | 11-02-2021 | 31-03-2021 |
| ടി.പി. ശ്രീലത | ഹെഡ്മിസ്ട്രസ് | 01-04-2020 | 17-06-2020 |
| ലിസി വർഗീസ് | ഹെഡ്മിസ്ട്രസ് | 18-06-2020 | 31-03-2021 |
| Dr. Aruna Carolin | MO (Homoeo) | 01-04-2020 | 31-03-2021 |
| ഷീജ മോൾ. എം | വി.ഇ.ഒ I | 01-04-2020 | 18-10-2020 |
| സജിത. കെ | വി.ഇ.ഒ I | 19-10-2020 | 31-03-2021 |
| കൃഷ്ണകുമാർ | വി.ഇ.ഒ II | 01-04-2020 | 07-10-2020 |
| ദിലീപ് | വി.ഇ.ഒ II | 08-10-2020 | 01-02-2021 |
| ഷീജ മോൾ. എം | വി.ഇ.ഒ II | 02-02-2021 | 31-03-2021 |
| താജുമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 03-11-2020 |

| | | | |
|---|---|---|---|
| സുധ കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| അനൂപ് കെ.എം | അസി. എഞ്ചിനീയർ | 01-04-2020 | 10-08-2020 |
| ഐവിൻ ഗോഡ്‌വിൻ ഡിസൽവ | അസി. എഞ്ചിനീയർ | 11-08-2020 | 31-03-2021 |
| ഡോ. സി.യു. സജിത് കുമാർ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| രാജേഷ്. എൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| രശ്മി. ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| ഷീല ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-10-2020 | 20-01-2021 |
| സുരേഷ് കുമാർ. എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2021 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 04-07-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: S. Premanand (Audit Officer, On 08-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 06-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: S. Premanand (Audit Officer, On 13-07-2022) | 1-4 |
| 5 | പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കാത്തത്<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: S. Premanand (Audit Officer, On 13-07-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: S. Premanand (Audit Officer, On 13-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: S. Premanand (Audit Officer, On 13-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 13-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 01-07-2022) | 1-10 |
| 12 | വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 15-06-2022)<br>Last Updated By: Geetha K (Auditor, On 15-06-2022) | 1-11 |
| 13 | ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Geetha K (Auditor, On 15-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | 1-11-1 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തിയിട്ടില്ല<br>Written By: Geetha K (Auditor, On 15-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | 1-11-2 |
| 15 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ തെറ്റായ ഡാറ്റ തുടരുന്നു<br>Written By: Geetha K (Auditor, On 15-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | 1-11-3 |
| 16 | വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയ നിയമാനുസൃതമല്ലാത്ത | 1-11-4 |

| | | |
|---|---|---|
| | കെട്ടിടങ്ങളിൽ എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Geetha K (Auditor, On 15-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | |
| 17 | വാടക കുടിശ്ശിക – പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Geetha K (Auditor, On 17-06-2022)<br>Last Updated By: S. Premanand (Audit Officer, On 14-07-2022) | 1-12 |
| 18 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ<br>Written By: Geetha K (Auditor, On 16-06-2022)<br>Last Updated By: S. Premanand (Audit Officer, On 14-07-2022) | 1-13 |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ്<br>Written By: Geetha K (Auditor, On 22-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | 1-14 |
| 20 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം<br>Written By: Saritha P (Senior Grade Auditor, On 17-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-15 |
| 21 | ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം<br>Written By: Saritha P (Senior Grade Auditor, On 30-06-2022)<br>Last Updated By: S. Premanand (Audit Officer, On 13-07-2022) | 1-16 |
| 22 | അഗതി കുടുംബങ്ങളുടെ ക്ഷേമം ഉറപ്പു വരുത്തണം<br>Written By: Saritha P (Senior Grade Auditor, On 30-06-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-07-2022) | 1-17 |
| 23 | ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 01-07-2022) | 1-18 |
| 24 | ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 01-07-2022) | 1-19 |
| 25 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-20 |
| 26 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല.<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-21 |
| 27 | ബിൽ തുക നൽകുന്നതിൽ കാല താമസം.<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-22 |
| 28 | വാതക ശ്മശാനം- പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബിറ്റുമെൻ ബാരൽ വില ഈടാക്കണം<br>Written By: S. Premanand (Audit Officer, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 08-06-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 23-07-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 02-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: S. Premanand (Audit Officer, On 08-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 10-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: S. Premanand (Audit Officer, On 08-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 01-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saritha P (Senior Grade Auditor, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 08-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9,576,288 |
| വരവ് | 429008500 |
| ആകെ | 438,584,788 |
| ചെലവ് | 432944500 |
| നീക്കിയിരിപ്പ് | 5,640,288 |

പുതുക്കിയ ബജറ്റ് 20.01.2021യതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 14.05.2021 | ബാധകമല്ല | ബാധകമല്ല |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17168653 |
| വരവ് | 94773441 |
| ആകെ | 111942094 |
| ചെലവ് | 98720191 |
| നീക്കിയിരിപ്പ് | 13221903 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14752102 | 14752102 | 13553175 | 1198927 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8722726 | 8722726 | 7602908 | 1119818 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 817373 | 817373 | 242010 | 575363 |
| മെയിന്റനൻസ്, റോഡ് | 0 | 13343000 | 13343000 | 13158084 | 184916 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5116719 | 5116719 | 2581046 | 2535673 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 0 | 14412358 | 14412358 | 12328029 | 2084329 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 7120000 | 7120000 | 2818818 | 4301182 |
| സാക്ഷരത | 2,132 | 64 | 2196 | 0 | 2196 |
| ദുരിതാശ്വാസനിധി | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3900 | 43041827 | 43045727 | 43035050 | 10677 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ TSC | 2,078,709 | 2,970,428 | 5049137 | 192000 | 4857137 |
| ഹരിയാലി | 4,999 | 150 | 5149 | 0 | 5149 |
| ICDS | 1,274,201 | 1913258 | 3187459 | 1075164 | 2112295 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 14,931,580 | 14,931,580 | 14,931,580 | 0 |
| നിർമ്മൽ പുരസ്കാരം | 154,987 | 0 | 154987 | 0 | 154987 |
| വിമുക്തി | 29849 | 0 | 29849 | 0 | 29849 |

ടോട്ടൽ സാനിറ്റേഷൻ (TSC) ഇനത്തിൽ കാണിച്ചതിൽ 320100115, 320200322, 320300103 എന്നീ ഹെഡുകളിലെ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഗ്രാന്റുകളിൽ നിന്നും ഉറവിടത്തിൽ നിന്നും കുറവു ചെയ്ത തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു. മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ഈ തുക ഉൾപ്പെട്ടിട്ടില്ല.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 3508898 |
| വികസന ഫണ്ട് - എസ്.സി.പി | 234274 |
| വികസന ഫണ്ട് - ടി.എസ്.പി | 14627 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 52281 |

1-4-1 പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിക്കാത്തത്

പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ₹12000208/- ചെലവഴിക്കാനാവാതെ പാഴായിപ്പോയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 1198927 |
| വികസന ഫണ്ട് - എസ്.സി.പി | 1119818 |
| വികസന ഫണ്ട് - ടി.എസ്.പി | 575363 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 184916 |
| മെയിന്റനൻസ് ഫണ്ട് - റോഡിതരം | 2535673 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Untied | 2084329 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 4301182 |
| ആകെ | 12000208 |

പ്രൊജക്ടുകളുടെ ആവിഷ്കാരവും നടത്തിപ്പും കാര്യക്ഷമമാക്കി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 129518561 | 143 | 63135251 | 0 | 100 | 58.85 |

പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 11663292 | 6 | 7467768 | 64.03 |
| വെറ്റിനറി സർജൻ | 8 | 2975250 | 8 | 1219000 | 40.97 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 5 | 1760000 | 4 | 1376100 | 78.19 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 910000 | 3 | 860000 | 94.51 |
| വി.ഇ.ഒ-1 | 5 | 23152200 | 2 | 2826400 | 12.21 |
| വി.ഇ.ഒ-2 | 8 | 33181700 | 4 | 5170000 | 15.58 |
| ICDS സൂപ്പർവൈസർ | 11 | 7401860 | 8 | 6550083 | 88.49 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 920000 | 2 | 920000 | 100 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 47 | 14837787 | 31 | 11596945 | 78.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 156 | 48018585 | 124 | 32300713 | 67.27 |
| ഹെഡ് മാസ്റ്റർ | 2 | 225000 | 2 | 184006 | 81.78 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 5238000 | 10 | 4238980 | 80.93 |
| ആകെ | 265 | 150283674 | 204 | 74709995 | 49.71 |

പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ₹12000208/- ചെലവഴിക്കാനാവാതെ പാഴായിപ്പോയിട്ടുണ്ട്. പ്രൊജക്ടുകളുടെ ആവിഷ്കാരവും നടത്തിപ്പും കാര്യക്ഷമമാക്കി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1430882 | 1430882 | 1430882 | 0 |
| ബാങ്ക് പലിശ, ചെലവ് | 3900 | 6813 | 10713 | 36 | 10677 |
| Unskilled Wages | 0 | 27098752 | 27098752 | 27098752 | 0 |
| Skilled/Semi Skilled Wages | 0 | 1204550 | 1204550 | 1204550 | 0 |
| Materials | 0 | 13300830 | 13300830 | 13300830 | 0 |
| ആകെ | 3900 | 43041827 | 43045727 | 43035050 | 10677 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 8402500 | 2000 |
| വിധവാപെൻഷൻ | 23738200 | 4264 |
| വാർദ്ധക്യകാലപെൻഷൻ | 37617100 | 7230 |
| വികലാംഗപെൻഷൻ | 5606700 | 1096 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 57000 | 2 |
| അവിവാഹിത പെൻഷൻ | 1020500 | 183 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2022ന് 3.09pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7995/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വസ്തു നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കേണ്ടതാണ്.

വാടകയിനത്തിൽ കുടിശികയായി ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പിരിച്ചെടുക്കാനാകാത്ത തുക എഴുതി തള്ളുന്നതിൽ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളിൽ പദ്ധതി മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാതെ പാഴായിപ്പോകുന്നതായി കണക്കുകൾ പരിശോധിക്കുമ്പോൾ മനസിലാവുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാവേണ്ട സബ്സിഡി പൂർണ്ണമായും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ ഡാറ്റാ ബേസ് അനർഹരെ ഒഴിവാക്കി, കാലികമാക്കി സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന് ബാധ്യതയാവുന്നുണ്ട്. പരിഹാര മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കാനുള്ള കുടിശിക തുക ₹116400/- പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കുടുംബശ്രീ മുഖേന പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ചാർജ്ജ് ഓഫീസറും ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

കരാറിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തുമ്പോൾ നിയമപ്രകാരമുള്ള ചരക്കുസേവന നികുതി കുറവുചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. അങ്കണവാടികളിലേക്കുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിലും പ്രത്യക ശ്രദ്ധ വേണ്ടതുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കേരള പഞ്ചായത്ത് രാജ് (മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.22 & 13.05.22 | ഏപ്രിൽ 2022 | 13.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.17 മുതൽ 07.02.17 വരെ | 2011 മുതൽ 2015-16 | 07.04.2017 |

### 1-11 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-11-1 ഭേദഗതി വിജ്ഞാപനം പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഭേദഗതി വിജ്ഞാപനം പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ഉൾപ്പെടുത്തി കാണുന്നില്ല.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ<br>24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനം പ്രകാരം | 150 | 160 |
| 2 | റസിഡൻഷ്യൽ ഹോം സ്റ്റേകൾ<br>സ.ഉ(അ)നം.53/2020 /തസ്വഭവ തിയതി 8-9-2020 പ്രകാരം | 10 | 25 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണംനം 2/06.06.2022 ന് ആയുർവേദചികിത്സാ കേന്ദ്രങ്ങളുടെ വസ്തു നികുതി 24/03/2015 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 16ാം നമ്പർ തീരുമാനം പ്രകാരം വസ്തു നികുതി നിരക്ക് 150/- രൂപ എന്ന് നിശ്ചയിച്ചിട്ടുള്ളത് സഞ്ചയയിൽ ഉൾപ്പെടുത്തി ആയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേകളുടെ വസ്തു നികുതി നിരക്ക് അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ നിശ്ചയിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ആയുർവേദചികിത്സാ കേന്ദ്രങ്ങളുടെയും റസിഡൻഷ്യൽ ഹോം സ്റ്റേകളുടെയും കെട്ടിട നമ്പർ അനുവദിക്കുന്നതിലേക്കായി നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ഉൾപ്പെടുത്താതിരുന്നതെന്നും ടി ഇനത്തിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

തുടർനടപടിൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-11-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തിയിട്ടില്ല

ടോം ജോർജ് , കിഴക്കേ പറമ്പിൽ, നാച്ചുറൽ റോക്ക് കൺസ്ട്രക്ഷൻ എന്നവരുടെ എ4-3691/2020 തീയതി 09.06.2020 നമ്പർ അപേക്ഷ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ 234.7ച മീ തറ

വിസ്തീർണ്ണമുള്ള ഓഫീസ് ആവശ്യത്തിനായി 3 കെട്ടിട നമ്പറുകൾ (11/795,11/796,11/797) അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങളുടെ തൊട്ടടുത്തുള്ള ടിയാന്റെ തന്നെ 11/612 നമ്പർ നിലവിലെ ഓഫീസ് കെട്ടിടത്തിന് തറ വിസ്തീർണ്ണം 82 ച മീ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ 28 ച മീ എന്ന് രേഖപ്പെടുത്തിയത് മാറ്റം വരുത്തണമെന്ന് പ്രസ്തുത ഫയലിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് തിരുത്തൽ വരുത്തി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 2/06.06.2022 ന് സഞ്ചയയിൽ ടി ഓഫീസ് കെട്ടിടത്തിന് തറ വിസ്തീർണ്ണം 82 ച മീ എന്ന് തിരുത്തൽ വരുത്തിയതായും ക്ലറിക്കൽ പിശകുമൂലം സംഭവിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതിയിനത്തിലെ കുടിശ്ശിക തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-3 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ തെറ്റായ ഡാറ്റ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 4/60 | ഷോപ്പ് | 102 | 276 |
| 2 | 5/96 | ഷോപ്പ് | 132 | 276 |
| 3 | 7/212 | ഷോപ്പ് | 185 | 1363 |
| 4 | 8/73 | ഷോപ്പ് | 276 | 240 |
| 5 | 8/477 | ഷോപ്പ് | 120 | 6048 |
| 6 | 9/32 | ഷോപ്പ് | 150 | 246 |
| 7 | 9/325 | ഷോപ്പ് | 122 | 137 |
| 8 | 12/399 | ഗോഡൌൺ | 115 | 410 |
| 9 | 13/246 | ഷോപ്പ് | 148 | 24 |
| 10 | 15/121 | ഷോപ്പ് | 104 | 343 |
| 11 | 18/132 | ഷോപ്പ് | 106 | 683 |
| 12 | 18/599 | ഷോപ്പ് | 114 | 5267 |
| 13 | 19/257 | ഷോപ്പ് | 108 | 124 |
| 14 | 19/442 | ഷോപ്പ് | 123 | 683 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം 2/06.06.2022 ന് ഡാറ്റാ പ്യൂരിഫിക്കേഷനിൽ ടി അപാകത തിരുത്തി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-4 വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയ നിയമാനുസൃതമല്ലാത്ത

കെട്ടിടങ്ങളിൽ എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 17 കെട്ടിടങ്ങൾക്കാണ് യു.എ നമ്പർ അനുവദിച്ചിട്ടുള്ളത്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 22 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയിട്ടുണ്ട്. താഴെ പറയുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടു കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | 9/1/UA | ബഷീർ & S/o അസനാർ | പാർപ്പിടം ഓല വീട് | 30 |
| 2 | 14/1/UA | സാജ്ജ റാണി വള്ളിയോട് | പാർപ്പിടം കോൺക്രീറ്റ് വീട് | 36 |
| 3 | 14/2/UA | ഏലിയാമ്മ ഓലിംകടല് | പാർപ്പിടം കോൺക്രീറ്റ് വീട് | 50 |
| 4 | 14/3/UA | മനോഹരൻ ഓലിംകടല് | പാർപ്പിടം ഷീറ്റ് വീട് | 17 |
| 5 | 16/1/UA | കുമാരൻ, പുലിക്കൽ പറമ്പ് | പാർപ്പിടം ഷീറ്റ് വീട് | 3 |

ഓഡിറ്റ് അന്വേഷണം നം 2/06.06.2022 ന് ക്രമ നമ്പർ 1 സൂചിപ്പിച്ച ശ്രീ ബഷീർ S/o അസ്സനാർ എന്നവർക്ക് കെ.എൽ.യു ലഭിച്ചതിനാൽ യു.എ നമ്പർ ഓഥറൈസ് ചെയ്ത് 9/810 എന്ന നമ്പർ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. 2 മുതൽ 5 വരെയുള്ള ക്രമനമ്പറിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി അപ്രൂവ് ചെയ്തിട്ടില്ല.

ഈ കെട്ടിട ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 വാടക കുടിശ്ശിക – പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ 9780 രൂപ പിരിച്ചെടുക്കാൻ കഴിയാത്തതായി നില നിൽക്കുന്നു. താഴെ പറയുന്ന വാടകകാരിൽ നിന്നും മുൻവർഷങ്ങളിലെ വാടക പിരിച്ചെടുക്കുന്നതിനോ, ഒഴിവാക്കാനോ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഫാത്തിമ D/o അബ്ദുൾ റഹ്മാൻ , പാറയ്ക്കൽ വീട്, വണ്ടാഴി | 04/11 മുതൽ 3/12 വരെ | (315*12) 3780 | വണ്ടാഴി ഷോപ്പ് റൂം റൂം റെന്റ് രജിസ്റ്റർ 2011-12 |

| | | | | |
|---|---|---|---|---|
| | | | | പേജ് 11 |
| 2 | നാരായണൻ S/o രാഘവൻ,കളിയാക്കുളം, ഒലിംകടവ് | 12/12 മുതൽ 03/13 വരെ | (275*4) 1100 | പൊൻകണ്ടം ഷോപ്പ് റൂം റൂം റെന്റ് രജിസ്റ്റർ 2012-13 പേജ് 25 |
| 3 | രാധാകൃഷ്ണൻ S/o മണി, ചെല്ലുപടി , മുടപ്പല്ലൂർ | 9/12 മുതൽ 3/13 വരെ | (350*7) 2450 | വണ്ടാഴി ഷോപ്പ് റൂം റെന്റ് രജിസ്റ്റർ 2012-13 പേജ് 27 (ടിയാൻ 30-12-2019 ന് മരണപ്പെട്ടു) |
| 4 | രാധാകൃഷ്ണൻ S/o മണി , ചെല്ലുപടി , മുടപ്പല്ലൂർ | 9/12 മുതൽ 3/13 വരെ | (350*7) 2450 | വണ്ടാഴി ഷോപ്പ് റൂം റെന്റ് രജിസ്റ്റർ 2012-13 പേജ് 28 |

തുക ഈടാക്കാൻ അവകാശികളിൽനിന്നും യാതൊരു വിധത്തിലും സാധിക്കുന്നില്ലെന്ന് പഞ്ചായത്തിന് ബോധ്യം വന്നാൽ ഓരോ കേസിലും ഗ്രാമപഞ്ചായത്തിന് 1000/- രൂപ എന്ന പരിധിയിൽ കവിയാത്ത തുക എഴുതി തള്ളാൻ തീരുമാനിക്കാവുന്നതും തുക പരമാവധി കൂടുതലായതിനാൽ സർക്കാർ അനുമതിയോടെ എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം 9/9-6-2022)

1-13 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ

1. പ്രോജക്റ്റ് നമ്പർ - 235/20-21 പച്ചക്കറി വിതരണം ഗ്രോ ബാഗ് വിതരണം - ജനറൽ

അടങ്കൽ- 225000/-രൂപ (വികസനഫണ്ട് ,പൊതുവിഭാഗം) മറ്റുള്ളവ 75000/-

ചെലവ്- 84000/-രൂപ ( 1. ബിൽ നമ്പർ Grow Bag General 20-21, 15-1-21

ബിൽ നമ്പർ Grow Bag General 20-21, 29-3-21 )

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉദ്ദേശിച്ച നടത്തിയ മേൽ പ്രോജക്റ്റിനായി 80,000/- എക്കോ ഷോപ്പ്, വണ്ടാഴി എന്ന സ്ഥാപനത്തിന് തുക കൈമാറിയിട്ടുണ്ട്. എക്കോ ഷോപ്പ്, വണ്ടാഴി നിന്നും ഗ്രോ ബാഗ് വിതരണത്തിനായി നല്കിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

2. പ്രോജക്റ്റ് നമ്പർ - SO 240/21 കിഴങ്ങു വർഗ്ഗങ്ങളുടെ നടീൽ വസ്തുക്കൾ വിതരണം (Sc)

അടങ്കൽ-20,000 /-രൂപ (വികസനഫണ്ട് )

ചെലവ്- 20,000 /-രൂപ

ബിൽ നമ്പർ Tuber Crops (Sc)20-21 തീയതി 17-09-20

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കിഴങ്ങ് കൃഷി ഉത്പാദനം നടത്തുക എന്ന ലക്ഷ്യത്തിൽ നടത്തിയ ഈ പ്രോജക്റ്റിൽ 10 യൂണിറ്റ് കപ്പ തറി, 10 യൂണിറ്റ് മധുരകിഴങ്ങ് വള്ളി വീതം 10 എസ്. സി കർഷകർക്ക് വിതരണം ചെയ്തതിന്റെ ലിസ്റ്റ് വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടുണ്ട്. 4 പേരുടെ ജാതി തെളിയിക്കുന്ന രേഖകളാണ് വൗച്ചറിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. എന്നാൽ വിതരണം ചെയ്തവരുടെ ലിസ്റ്റിൽ ഈ 4 പേർ ഉൾപ്പെട്ടു കാണുന്നില്ല. ലിസ്റ്റിൽ ഉൾപ്പെട്ട് ഗുണഭോക്താക്കളുടെ ജാതിതെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

3.പ്രൊജക്റ്റ് നം.22/21 നെൽ വിത്ത് വിതരണം

അടങ്കൽ-400000 /- (വികസനഫണ്ട് പൊതു വിഭാഗം )

ചെലവ്- 200000 /-രൂപ

ബിൽ നമ്പർ 02/2020-21 Paddy Seedsതീയതി 17-06-2020 തുക 1,20,000/-

ചെറുകിട നാമമാത്ര കർഷകർ, പാട്ട കർഷകർ, ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് അവരുടെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ നെൽ വിത്തുകൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നല്കാവുന്നതാണ് എന്നാണ് പ്രൊജക്റ്റ് ലക്ഷ്യമിട്ടത്. കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നാണ് വിത്ത് വാങ്ങിയിട്ടുള്ളത്. വിത്ത് വിതരണം ചെയ്തായി രേഖപ്പെടുത്തിയ പാഡി ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ഏരിയ രേഖപ്പെടുത്തിക്കാണുന്നില്ല ( 2020-21 1ാം വിള ഉമ നെൽവിത്ത് വിതരണം 6000 കിലോ പേജ് നമ്പർ 116).നെൽ വിത്ത് കൈപ്പറ്റിയ കർഷകരുടെ കൃഷിക്കായി ഉപയോഗിച്ച് ഏരിയ തിരിച്ചുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 8/09.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്റ്റ് നം. | 331/21 (സ്പിൽ ഓവർ)<br>143/21 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| ഫണ്ടിനം. | വികസന ഫണ്ട് (പൊതുവിഭാഗം), തനത് ഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതം |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) -7,00,000<br>തനത് ഫണ്ട് -20,000<br>ജില്ലാ പഞ്ചായത്ത് |

| | |
|---|---|
| | വിഹിതം -2,00,000 |
| ചെലവ് | ബിൽ നം ജി.പി 1/20-21 തീയതി 01.02.2021<br>തുക 5,00,000/-<br>ബിൽ നം ജി.പി 2/20-21 തീയതി 01.02.2021<br>തുക 1,00,000/-<br>ബിൽ നം ജി.പി 3/20-21 തീയതി 23.02.2021<br>തുക 2,00,000/-<br>ബിൽ നം ജെ.പി 4/20-21 തീയതി 29.03.2021<br>തുക 1,00,000/-<br>ചെക്ക് നമ്പർ 5483145 തീയതി 29.03.2021<br>തുക 20,000/- |

ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ആനുപാതികമായി 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിൽ ലിറ്ററൊന്നിന് 4 രൂപ നിരക്കിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസതമായി ഇൻസെന്റീവ് നൽകാനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത്.

1.പദ്ധതിയ്ക്കായി വകയിരുത്തിയ തുകയായ 920,000/- രൂപ 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ പാലളന്ന ക്ഷീരകർഷകർക്ക് ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ സബ്സിഡി പന്തപറമ്പ്, മംഗലം ഡാം, നെല്ലിക്കോട്, വടക്കുമുറി, മുടപ്പ്ലൂർ എന്നീ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ പാൽ അളന്ന ക്ഷീരകർഷകർക്കും അയിലൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ക്ഷീരകർഷകർക്ക് ജൂലൈ വരെയും മാത്രമാണ് ഈ തുക പര്യാപ്തമായിട്ടുള്ളത്. വർഷം മുഴുവനും ക്ഷീരകർഷകർക്ക് ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 3/06.06.2022 ന് വർഷം മുഴുവൻ ധനസഹായം നല്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളിൽ ആവശ്യമുന്നയിക്കാറുണ്ടെങ്കിലും വികസന ഫണ്ടിൽ നിന്നും ഉത്പാദന മേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുകയുടെ ഒരു പങ്ക് മാത്രമാണ് ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് അനുവദിക്കുന്നതിന് ലഭിക്കാറുള്ളതെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ കാലത്തേക്ക് ധനസഹായം വരും വർഷങ്ങളിൽ അനുവദിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തൻവർഷം ലഭ്യമായിട്ടില്ല എന്നതിന് മറുപടിയായി കോവിഡ് 19 പ്രതിസന്ധി മറികടന്ന് ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയത് കാരണം ക്ഷീര വികസന വകുപ്പിൽ നിന്നുള്ള ഇൻസെന്റീവ് മേൽ കാലയളവിൽ നല്കാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു.

3. ബ്ലോക്ക് വിഹിതം വകയിരുത്തിയിട്ടില്ല എന്ന ഓഡിറ്റ് അന്വേഷണത്തിന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ക്ഷീരകർഷകർക്കായി നീക്കിവെച്ച തുക കാലിത്തീറ്റ സബ്സിഡി

നൽകുന്നതിന് വിനിയോഗിച്ചതിനാലാണ് പാലിന് ഇൻസെന്റീവ് പദ്ധതിക്ക് തുക അനുവദിക്കാതിരുന്നത്.

ഓഡിറ്റ് നിർദ്ദേശം

ക്ഷീരകർഷകർക്ക് അർഹമായ നിരക്കിലുള്ള ആനുകൂല്യം നൽകുന്നതിനുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം

സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് 23.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 14.09.2021 മുതൽ 16.05.2022 വരെയുള്ള കാലയളവിൽ പെൻഷൻ ഗുണഭോക്താക്കളിൽ മേൽപ്പറഞ്ഞ പ്രകാരം അനർഹരെന്ന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയവരിൽ നിന്നും ആകെ 90002 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും 2019 വർഷത്തെ മരണ രജിസ്റ്റർ ക്രമ നം. 100 മുതൽ 187 വരെയും 2020 വർഷത്തെ മരണ രജിസ്റ്റർ ക്രമ നം. 1 മുതൽ 90 വരെയും 2021 വർഷത്തെ 1മുതൽ 97 വരെയും പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ആകെ 93100 രൂപ സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 1/04.06.2022 പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

1. പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു.

1. പെൻഷനറുടെ പേര്- എം. ഹംസ, അണിതിരുത്തി , മുടപ്പല്ലൂർ

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനുതാഴെ

പെൻഷനർ ഐഡി- 108830202246

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: കാനറാബാങ്ക് ( അക്കൗണ്ട് നം 0744101017192)

ആധാർ നം-776772764461

മരണപ്പെട്ട തീയതി : 20.12.2020

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Active

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം |
|---|---|---|---|
| 1 | January-2021 | 1500 | 3574252689 |
| 2 | February-2021 | 1500 | 0529815331 |
| 3 | March-2021 | 1500 | 1147495723 |
| 4 | April-2021 | 1600 | 1164087470 |
| 5 | May-2021 | 1600 | 2758044768 |
| 6 | June-2021 | 1600 | 3603457452 |
| 7 | July-2021 | 1600 | 4353566105 |
| 8 | August-2021 | 1600 | 4354495699 |
| ആകെ | | 12500 | |

2.പെൻഷനറുടെ പേര്- കെ. രാജൻ

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനുമുകളിൽ

പെൻഷനർ ഐഡി- 108830200715

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: കാനറാബാങ്ക് ( അക്കൗണ്ട് നം 0744101012001(CNRB0000744-CHITTALANCHERRY)

ആധാർ നം-471035587812

മരണപ്പെട്ട തീയതി : 08.06.21

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Active

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം |
|---|---|---|---|
| 1 | July-2021 | 1600 | 4354965923 |
| 2 | August-2021 | 1600 | 4356872911 |
| 3 | September-2021 | 1600 | 5510446142 |
| 4 | October-2021 | 1600 | 6282200062 |
| 5 | November-2021 | 1600 | 7151169798 |
| 6 | December-2021 | 1600 | 7571031296 |
| 7 | January-2022 | 1600 | 8827138322 |
| 8 | February-2022 | 1600 | 9579895312 |
| 9 | March-2022 | 1600 | 0309561792 |
| 10 | April-2022 | 1600 | 0309545215 |
| ആകെ | | 16000 | |

3. പെൻഷനറുടെ പേര്- കേശവൻ. കെ

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനുതാഴെ

പെൻഷനർ ഐഡി- 108830201067

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: - 67190745708(SBIN0070187-VADAKKENCHERRY)

ആധാർ നം-670678828716

മരണപ്പെട്ട തീയതി : 24.05.21

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Active

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം |
|---|---|---|---|
| 1 | June-2021 | 600 | 3603464164 |
| 2 | July-2021 | 600 | 4354969686 |
| 3 | August-2021 | 600 | 4354277528 |
| 4 | September-2021 | 600 | 5510437340 |
| 5 | October-2021 | 600 | 6281966226 |
| 6 | November-2021 | 600 | 7150032843 |
| 7 | December-2021 | 600 | 7572320806 |
| 8 | January-2022 | 600 | 8826404314 |
| 9 | February-2022 | 600 | 9578707815 |
| 10 | March-2022 | 600 | 0309566279 |
| 11 | April-2022 | 600 | 0309548940 |
| ആകെ | | 6600 | |

4. പെൻഷനറുടെ പേര്- പൈലി. സി

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം - :- അംഗപരിമിതി 80 ശതമാനത്തിൽ കൂടുതൽ

പെൻഷനർ ഐഡി- 108830400388

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:-16350100018663(FDRL0001635-MANGALAM DAM)

ആധാർ നം-687385040480

മരണപ്പെട്ട തീയതി : 22.06.20

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Suspend

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം |
|---|---|---|---|
| 1 | July,August-2020 | 2600 | 0233809545 |
| ആകെ | | 2600 | |

5. പെൻഷനറുടെ പേര്- കുര്യൻ അഗസ്റ്റിൻ

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുമുകളിൽ

പെൻഷനർ ഐഡി- 108830202217

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:-1316101006685(CNRB0001316-MANGALAM DAM)

ആധാർ നം-357089688999

മരണപ്പെട്ട തീയതി : 23.06.20

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Active

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യുറ്റിആർ നം |
|---|---|---|---|
| 1 | July,August-2020 | 3000 | 0236854952 |
| 2 | September-2020 | 1500 | 0910932444 |
| 3 | October-2020 | 1500 | 1549910730 |
| 4 | November-2020 | 1500 | 2179977459 |
| 5 | Decenber-2020 | 1500 | 2761758479 |
| 6 | January-2021 | 1500 | 3574259037 |
| 7 | February-2021 | 1500 | 0528470511 |
| 8 | March-2021 | 1500 | 1145218663 |
| 9 | April-2021 | 1600 | 1162886758 |
| 10 | May-2021 | 1600 | 2758042511 |
| 11 | June-2021 | 1600 | 3601416653 |
| 12 | July-2021 | 1600 | 4353566087 |
| 13 | August-2021 | 1600 | 4354495681 |
| 14 | September-2021 | 1600 | 5510562633 |
| 15 | October-2021 | 1600 | 6282196169 |
| 16 | November-2021 | 1600 | 7151163346 |
| 17 | December-2021 | 1600 | 7572314245 |
| 18 | January-2022 | 1600 | 8827138392 |
| 19 | February-2022 | 1600 | 9579893126 |
| 20 | March-2022 | 1600 | 0308417286 |
| 21 | April-2022 | 1600 | 0309541099 |
| ആകെ | | 35900 | |

6. പെൻഷനറുടെ പേര്- സരോജിനി വാസുദേവൻ

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുമുകളിൽ

പെൻഷനർ ഐഡി- 108830200709

ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:-1316108014582(CNRB0001316-MANGALAM DAM)

ആധാർ നം-832743192397

മരണപ്പെട്ട തീയതി : 02.05.20

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - Active

മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം:

| ക്രമ നം | വിതരണം നടത്തിയ മാസം | തുക | പിഎൻആർ / യൂറ്റിആർ നം |
|---|---|---|---|
| 1 | July,August-2020 | 2600 | 0236000719 |
| 2 | September-2020 | 1400 | 0908781422 |
| 3 | October-2020 | 1400 | 1550744919 |
| 4 | November-2020 | 1400 | 2179638547 |
| 5 | Decenber-2020 | 1400 | 2761514743 |
| 6 | January-2021 | 1500 | 3574252710 |
| 7 | February-2021 | 1500 | 0527738410 |
| 8 | March-2021 | 1500 | 1146751445 |
| 9 | April-2021 | 1600 | 1165883788 |
| 10 | May-2021 | 1600 | 2758047009 |
| ആകെ | | 15900 | |

മറുപടി

മേൽ സൂചിപ്പിച്ച ക്രമ നം 1 മുതൽ 6 വരെയുള്ള ഗുണഭോക്താക്കളിൽ ശ്രീ. ഹംസ, ശ്രീ.കുര്യൻ അഗസ്റ്റിൻ, ശ്രീ.കെ. രാജൻ എന്നിവരുടെ ബാങ്കിലേക്ക് അധികമായി ക്രെഡിറ്റ് ചെയ്ത തുക സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുള്ളതാണെന്നും ആയത് സേവനയിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും ശ്രീ. കേശവൻ, ശ്രീമതി.സരോജിനി വാസുദേവൻ, ശ്രീ പൈലി എന്നിവരുടെ അധികം നൽകിയ പെൻഷൻ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. തുക സർക്കാരിലേക്ക് തിരികെ അടവാക്കിയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന (Direct To Home) പെൻഷൻ തുക- അപാകങ്ങൾ

താഴെ പറയുന്ന ഗുണഭോക്താവിന്റെ മരണം ഈ ഗ്രാമപഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഡയറക്ട് ടു ഹോം രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന ഇദ്ദേഹത്തിന്റെ മരണശേഷവും സേവനയിലെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം തുക കൈപ്പറ്റി എന്നു കാണുന്നു.

പെൻഷനറുടെ പേര്- ജോൺ, പാലക്കടിയിൽ വീട് , ഒലിംകടവ്

പെൻഷൻ ഇനം- ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുമുകളിൽ

പെൻഷനർ ഐഡി- 108830200413

അക്കൗണ്ട് മോഡ്: ഡയറക്ട് ടു ഹോം

ആധാർ നം-241821124694

മരണപ്പെട്ട തീയതി : 18.06.2020

നിലവിലെ പെൻഷൻ സ്റ്റാറ്റസ് - സസ്പെൻഡ്

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2020 ജൂൺ18 ന് മരണപ്പെട്ട ഇദ്ദേഹത്തിന്റെ ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ തുക 3000 രൂപ തുക കൈപ്പറ്റി എന്നു കാണുന്നു.

മറുപടി

അധികം കൈപ്പറ്റിയ 3000 രൂപ തിരികെ ഈടാക്കുന്നതിന് അനന്തരാവകാശികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി അറിയിച്ചു. തുക തിരികെ സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

3. ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും ആക്ടീവ് പെൻഷനറായി തുടരുന്നു

2019 വർഷത്തെ മരണ രജിസ്റ്റർ, രജി നം. 100 മുതൽ 187വരെ സേവന പെൻഷൻ സോഫ്റ്റ്‌വെയർ വിവരങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ഈ സ്ഥാപനത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടും സേവന ഡാറ്റാബേസ് പ്രകാരം ഏതാനും ഗുണഭോക്താക്കൾ നിലവിലും ആക്ടീവ് പെൻഷനറായി തുടരുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനർ ഐഡി | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം. |
|---|---|---|---|---|---|
| 1 | 108830 200728 | ബീപാത്തുമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുമുകളിൽ | 23.06.2019 | 100/2019 |
| 2 | 108830 202490 | മെഹബൂബ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനു താഴെ | 07.07.2019 | 106/19 |
| 3 | 108830 100624 | CHELLA | കർഷക തൊഴിലാളി പെൻഷൻ | 27.06.19 | 107/19 |
| 4 | 108830 202099 | പൊന്നൻ.ടി - | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുമുകളിൽ | 09.07.2019 | 112/19 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | 108830 100540 | ചിന്നമ്മ | കർഷക തൊഴിലാളി പെൻഷൻ - :- പ്രത്യേക തരത്തിൽ പെടുന്നില്ല | 07.09.19 | 135/19 |
| 6 | 108830 600185 | പറങ്ങോടൻ പി സി - | ഇന്ദിരാ ഗാന്ധി ദേശീയ ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം. **( മരണ രജിസ്റ്ററിലെ രേഖകൾ പ്രകാരം ടി വ്യക്തി ആൺ എന്നാണ് രേഖപ്പെടുത്തി യിട്ടുള്ളത്. പെൻഷൻ ഡാറ്റാബേസിൽ ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം ൽ ഉൾപ്പെട്ടിട്ടുള്ളതും സ്ത്രീ എന്നു രേഖപ്പെടുത്തിയി ട്ടുള്ളതായും കാണുന്നു.) | 07.10.2019 | 152/19 |
| 7 | 108830 200792 | ജോൺ.പിഎ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധ ക്യകാല പെൻഷൻ - :- പ്രായം75 വയസിനു മുകളിൽ | 15.11.19 | 171/19 |

മേൽ പറഞ്ഞവർ നിലവിൽ ആക്ടീവ് പെൻഷനറായി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല/

ഹോം മസ്റ്ററിംഗിനു അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണം കൊണ്ട് മരണം നടന്നതിനു ശേഷമുള്ള മാസങ്ങളിൽ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ട്.

മറുപടി

സിവിൽ രജിസ്ട്രേഷനുമായി ഒത്തു നോക്കി മരണപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കളെയും സേവന ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

4. ഏപ്രിൽ 22 ലെ ഡിസ്ക്രിപ്പൻസി റിപ്പോർട്ടിലെ ബാങ്ക് മുഖേന പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ രേഖകളിൽ ഈ അക്കൗണ്ടുകൾ ഇല്ല എന്നു കാണുന്നു

